**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 780** **29/10/2019 ൽ മറുപടിക്ക്**

**ശബരിമല വികസനത്തിനായി പദ്ധതികൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | 2019-20 ബജറ്റിൽ ശബരിമല വികസനത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ വിശദമാക്കാമോ; | (എ) | ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 739 കോടി രൂപയിൽ റോഡ് നിർമ്മാണ അറ്റകുറ്റ പ്രവർത്തികൾക്കായി 200 കോടി രൂപയും കിഫ്ബി മുഖാന്തിരം നടപ്പാക്കുന്ന പമ്പ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, നിലക്കലെ വാഹന പാർക്കിംഗ്, എരുമേലി കീഴില്ലം എന്നിവിടങ്ങളിലെ ഇടത്താവളം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ വിരിപ്പന്തൽ, റാന്നിയിലെ വാഹനപാർക്കിംഗ് തുടങ്ങിയ ഏഴ് പദ്ധതികൾക്ക് 141.75 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് കൂടാതെ ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയ്ക്ക് 28 കോടി രൂപയും നീക്കി വെച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ; | (ബി) യും (സി) യും | ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് ടെണ്ടർ നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ ദ്രുത ഗതിയിൽ നടന്നു വരുന്നു. |
| (സി) | പദ്ധതികൾ ഇതിനോടകം ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ